"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസം - റ്റീച്ചർ എഡ്യൂക്കേഷൻ സ്ഥാപനങ്ങളിലെ ട്രെയിനിംഗ് അസിസ്റ്റന്റ്, പ്രിൻസിപ്പൽ നിയമനങ്ങൾക്കു എൻസിറ്റിഇ നിഷ്ക്കർഷിച്ചിട്ടുള്ള യോഗ്യത ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ജെഎ) വകുപ്പ്**

സ.ഉ.(കൈ) നം.56/2024/GEDN തീയതി,തിരുവനന്തപുരം, 04-06-2024

---

പരാമർശം:-

1. എൻ.സി.റ്റി.ഇ യുടെ 28/11/2014ലെ F.51-1/2014-NCTE(N&S) നമ്പർ വിജ്ഞാപനം.
2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 28.11.2023 ലെയും 02.03.2024 ലെയും ഡിജിഇ/19013/2023-എച്ച്2 നമ്പർ കത്തുകൾ .
3. 18.01.2024 ലെ എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ പ്രോഗ്രാം2/8575/2023/എസ്.സി.ഇ.ആർ.ടി നമ്പർ കത്ത്.

**ഉത്തരവ്**

ഹൈസ്ക്കൂൾ പ്രധാനാധ്യാപകരായി അംഗീകാരമുള്ളവരും എന്നാൽ എൻ.സി.റ്റി.ഇ മാനദണ്ഡ പ്രകാരം റ്റി.റ്റി.ഐ കളിലെ പ്രിൻസിപ്പൽ തസ്തികയിലേക്ക് ആവശ്യമായ യോഗ്യത ലഭ്യമാകാത്തവരുമായവരെ റ്റി.റ്റി.ഐ കളിലെ പ്രിൻസിപ്പൽ തസ്തികയിലേക്കു മാനേജർമാർ സ്ഥലം മാറ്റിയതുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു. 2014 ലെ എൻ.സി.റ്റി.ഇ മാനദണ്ഡ പ്രകാരം റ്റീച്ചർ എഡ്യൂക്കേഷൻ സ്ഥാപനങ്ങളിലെ പ്രിൻസിപ്പൽ തസ്തികകൾക്ക്, 55% മാർക്കോടെ ബിരുദാനന്തര ബിരുദവും എം.എഡും, റ്റീച്ചർ എഡ്യൂക്കേഷൻ സ്ഥാപനങ്ങളിൽ 5 വർഷത്തെ അധ്യാപന പരിചയവും ആവശ്യമാണ്. എന്നാൽ, KER അധ്യായം XIVഎ, ചട്ടം 44 എ പ്രകാരം ഹൈസ്ക്കൂളിന്റെയും ട്രെയിനിംഗ് സ്കൂളിന്റെയും പ്രധാനാധ്യാപകർക്ക്

12 വർഷത്തെ graduate സർവീസും ടെസ്റ്റ് യോഗ്യതയുമാണ് നിഷ്കർഷിച്ചിരിക്കുന്നത്. പ്രധാനാധ്യാപക തസ്തികയിൽ, ചട്ടം 45 സി പ്രകാരം പൂർണ്ണയോഗ്യത ഉള്ളവരുടെ അഭാവത്തിൽ 12 വർഷ ഗ്രാജ്വേറ്റ് സർവീസ് ഉള്ള സീനിയറിന് താത്കാലിക സ്ഥാനക്കയറ്റം അനുവദനീയമാണ്. കെ.ഇ.ആർ അധ്യായം XXV ചട്ടം 2 ൽ ട്രെയ്നിംഗ് സ്കൂളുകൾ പ്രത്യേകം പ്രധാനാധ്യാപകന്റെ കീഴിൽ ഹൈസ്കൂളുകളോട് യോജിച്ചല്ലാതെ പ്രവർത്തിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. കൂടാതെ, അധ്യായം XXVI, ചട്ടം 3 പ്രകാരം 16 വർഷമെങ്കിലും തുടർച്ചയായ ഗ്രാഡുവേറ്റ് സർവീസ് ഉള്ളവർക്ക് ഹൈസ്കൂൾ പ്രധാനാധ്യാപകരുടെ ശമ്പളസ്കെയിലും ലഭിക്കും. അധ്യായം XXIII ചട്ടം 3 (ix) പ്രകാരം ട്രെയിനിംഗ് സ്കൂൾ അസിസ്റ്റന്റ് എന്ന തസ്തിക സെക്കന്ററി സ്കൂളിന്റെ ഒപ്പമാണ് ചേർത്തിട്ടുള്ളത്. ചട്ടം 9 ൽ ട്രെയിനിംഗ് സ്കൂളിലെ തസ്തികകളും ഉൾപ്പെടുത്തിയിട്ടുണ്ട്.കൂടാതെ, റ്റി.റ്റി.ഐകളിലെ ട്രെയിനിംഗ് അസിസ്റ്റന്റ്, പ്രിൻസിപ്പൽ നിയമനങ്ങൾക്കുള്ള മതിയായ യോഗ്യത എൻ.സി.റ്റി.ഇ.ക്ക് തുല്യമാക്കി സർക്കാർ എവിടെയെങ്കിലും വ്യക്തമാക്കുകയോ കെ.ഇ.ആറിൽ ഭേദഗതി വരുത്തുകയോ ചെയ്തിട്ടില്ല. എന്നാൽ വിവിധ കോടതി ഉത്തരവുകളിൽ എൻസിറ്റിഇ യോഗ്യത അടിസ്ഥാനമാക്കുന്നുണ്ട്.നിലവിൽ സർക്കാർ വിഭാഗത്തിൽ, പ്രധാനാധ്യാപകരായി സ്ഥലം മാറ്റം നൽകുമ്പോൾ എൻ.സി.റ്റി.ഇ മാനദണ്ഡത്തിന് അനുസൃതമായ യോഗ്യത ഉള്ളവരില്ലെങ്കിൽ മറ്റുള്ള പ്രഥമാധ്യാപകരെ റ്റി.റ്റി.ഐ കളിലെ പ്രിൻസിപ്പലായി നിയമിക്കുന്നുണ്ട്. എൻ.സി.റ്റി.ഇ മാനദണ്ഡത്തിലൂടെ റ്റി.റ്റി.ഐ പ്രിൻസിപ്പൽമാരെ നിയമിച്ചാലും നിലവിൽ ഹൈസ്കൂൾ പ്രധാനാധ്യാപകരുടെ ശമ്പള സ്കെയിലാണ് അവർക്കും അനുവദിച്ചു വരുന്നത്. മേൽ വിഷയത്തിൽ നിലനിൽക്കുന്ന അവ്യക്തത മാറ്റുന്നതിനായി എൻസിറ്റിഇ യോഗ്യത ഉള്ളവരുടെ അഭാവത്തിൽ കേരള വിദ്യാഭ്യാസ ചട്ട പ്രകാരം അർഹതയുള്ളവരെ മാനേജർ റ്റി.റ്റി.ഐകളിലെ പ്രധാനാധ്യാപകരായി ഹൈസ്കൂൾ അധ്യാപകരുടെ സ്ഥാനക്കയറ്റം മുഖേനയോ, പ്രഥമാധ്യാപകരായവരുടെ സ്ഥലംമാറ്റം മുഖേനയോ നിയമിച്ചാൽ അംഗീകാരം നൽകുന്നതിലും ചട്ടം 45 സി പ്രകാരമെങ്കിലും അംഗീകാരം നൽകുന്നതിലും സ്പഷ്ടീകരണം ലഭ്യമാക്കണമെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

2. കേരളത്തിലെ എല്ലാ ടീച്ചർ എഡ്യൂക്കേഷൻ സ്ഥാപനങ്ങളും

എൻ.സി.റ്റി.ഇയുടെ 2014ലെ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് പ്രവർത്തിച്ചുവരുന്നത്.എൻ.സി.റ്റി.ഇ അംഗീകാരത്തോടെ പ്രവർത്തിച്ചുവരുന്ന ടീച്ചർ എഡ്യൂക്കേഷൻ സ്ഥാപനങ്ങളിലെ ട്രെയിനിംഗ് അസിസ്റ്റന്റ്, പ്രിൻസിപ്പൽ നിയമനങ്ങൾക്കുള്ള മതിയായ യോഗ്യത എൻ.സി.റ്റി.ഇ.ക്ക് തുല്യമാക്കി സർക്കാർ എവിടെയെങ്കിലും വ്യക്തമാക്കുകയോ കെ.ഇ.ആറിൽ ഭേദഗതി വരുത്തുകയോ ചെയ്തിട്ടില്ല.ആയതിനാൽ കെ.ഇ.ആറിൽ ഇതു സംബന്ധിച്ച് ഭേദഗതി വരുത്തേണ്ടതുണ്ടെന്ന് എസ്.സി.ഇ.ആർ.ടി ഡയറക്ടർ പരാമർശം 3 പ്രകാരം അറിയിച്ചിട്ടുണ്ട്.

3. 2014 ലെ എൻ.സിറ്റി.ഇ മാനദണ്ഡ പ്രകാരം ടീച്ചർ എഡ്യൂക്കേഷൻ സ്ഥാപനങ്ങളിലെ പ്രിൻസിപ്പൽ തസ്തികകൾക്ക് ആവശ്യമായ യോഗ്യതകൾ താഴെപ്പറയുന്നു.

**(i) Postgraduate degree in Science/Social Sciences/Arts/ Humanities with minimum 55% marks, and M.Ed/M.A (Education) /M.EL.Ed with minimum 50% marks.**

**(ii) Five years teaching experience in a Teacher Education Institution.**

**<u>Desirable</u>: Degree/Diploma in Educational Administration/Educational Leadership**

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ ടീച്ചർ എഡ്യൂക്കേഷൻ സ്ഥാപനങ്ങളിലെ ട്രെയിനിംഗ് അസിസ്റ്റന്റ്, പ്രിൻസിപ്പൽ നിയമനങ്ങൾക്കുള്ള മതിയായ യോഗ്യത എൻ.സി.റ്റി.ഇ മാനദണ്ഡങ്ങൾക്ക് തുല്യമാക്കി സർക്കാർ എവിടെയെങ്കിലും വ്യക്തമാക്കുകയോ കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയോ ചെയ്തിട്ടില്ല. എന്നാൽ കേരള വിദ്യാഭ്യാസ ചട്ടങ്ങളേക്കാൾ മുൻഗണന എൻസിറ്റിഇ റഗുലേഷൻസിനാണ് എന്നതിനാൽ എൻസിറ്റിഇ നിഷ്‌ക്കർഷിച്ചിട്ടുള്ള യോഗ്യതയുള്ളവരെ (55% മാർക്കോടെ ബിരുദാനന്തര ബിരുദവും, എം.എഡും, റ്റി.റ്റി.ഐ യിൽ 5 വർഷത്തെ അധ്യാപന പരിചയവും) റ്റി.റ്റി.ഐകളിലെ പ്രധാനാധ്യാപകരായി നിയമിക്കേണ്ടതാണെന്ന് വിവിധ കോടതിവിധികളിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ പരാമർശം 1ലെ വിജ്ഞാപനത്തിൽ എൻസിറ്റിഇ നിഷ്‌ക്കർഷിച്ചിട്ടുള്ള യോഗ്യത ടീച്ചർ

എഡ്യൂക്കേഷൻ സ്ഥാപനങ്ങളിലെ ട്രെയിനിംഗ് അസിസ്റ്റന്റ്, പ്രിൻസിപ്പൽ നിയമനങ്ങൾക്കു ബാധകമാക്കി കൊണ്ടു ഉത്തരവ് പുറപ്പെടുവിക്കുന്നു. എൻസിറ്റിഇ യോഗ്യത ഉള്ളവരുടെ അഭാവത്തിൽ നിലവിൽ ടീച്ചർ എഡ്യൂക്കേഷൻ സ്ഥാപനങ്ങളിലെ പ്രിൻസിപ്പൽമാരായി ഹൈസ്ക്കൂൾ അധ്യാപകരുടെ സ്ഥാനക്കയറ്റം മുഖേനയോ, പ്രഥമാധ്യാപകരായവരുടെ സ്ഥലംമാറ്റം മുഖേനയോ നിയമിച്ചാൽ പ്രസ്തുത നിയമനം കെ.ഇ.ആർ അധ്യായം XIV A ചട്ടം 45 സി പ്രകാരം മാത്രം അംഗീകരിക്കാവുന്നതാണെന്നും ഉത്തരവാകുന്നു. മേൽ പരാമർശിച്ച പ്രകാരം കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മീനാംബിക എം.ഐ

ജോയിന്റ് സെക്രട്ടറി

1. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
3. എല്ലാ ജില്ലാ/ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, ഉപഡയറക്ടർമാർക്കും (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
4. എസ്.സി.ഇ.ആർ.ടി ഡയറക്ടർ, തിരുവനന്തപുരം
5. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,കൈറ്റ്,തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6. ഇൻഫോർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്/എ&ഇ),കേരള തിരുവനന്തപുരം
8. പൊതു വിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും ഓഫീസർമാർക്കും
9. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

N K Sheena

സെക്ഷൻ ഓഫീസർ

Date: 05-06-2024 12:02:29